**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യവകുപ്പ് - 2020 ഒക്ടോബർ മാസത്തിലെ ക്ഷേമ നിധി ബോർഡ് പെൻഷൻ - അധിക തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്

**G.O(Rt)No.6202/2020/FIN** തീയതി :02.11.2020 ,തിരുവനന്തപുരം

പരാമർശം:- 1. സ ഉ (സാധാ) നം.6085/2020/ധന. തീയതി 22.10.2020.
2. 23.10.2020 തീയതിയിലെ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസറുടെ G-927/2020 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2020 ഒക്ടോബർ മാസത്തിലെ പെൻഷൻ നൽകുന്നതിനായി 86,45,91,300/-രൂപ (എൺപ്പത്തി ആറു കോടി നാൽപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറു രൂപ മാത്രം) പരാമർശം ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി

2. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിനു 2020 ഒക്ടോബർ മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിന് 84000 രൂപ അധികമായി ആവശ്യമുണ്ടെന്നു പരാമർശം രണ്ട് പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിനു 2020 ഒക്ടോബർ മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിന് അധികമായി ആവശ്യപ്പെട്ടിരിക്കുന്ന 84000 രൂപ (എൺപത്തിനാലായിരം രൂപ മാത്രം ) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ .ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I I ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷന് ലിമിറ്റഡ്
കേരള കശുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യുട്ടീവ് ഓഫീസർ
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
(ഫയൽ നം. E-1572698/എസ്.എഫ്.സി.ബി3/19/ധന)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**